# കേരള സർവകലാശാല

നം. പി.ആർ.068/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എൽ.എൽ.എം/എം.ബി.എൽ പരീക്ഷ

കേരള സർവകലാശാല മേയ് 26 മുതൽ നടത്തുന്ന മൂന്നാം സെമസ്റ്റർ എൽ.എൽ.എം, മൂന്നാം സെമസ്റ്റർ എം.ബി.എൽ പരീക്ഷകൾക്ക് പിഴകൂടാതെ മേയ് ഒമ്പത് (50 രൂപ പിഴയോടെ മേയ് 10, 250 രൂപ പിഴയോടെ മേയ് 11 ) വരെ ഫീസ് അടയ്ക്കാം.

### പി.ജി.ഡി.ഇ.പി.എം.എ ഫലം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2015 ഡിസംബറിൽ നടത്തിയ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ എഡ്യൂക്കേഷണൽ പ്ലാനിംഗ് മാനേജ്മെന്റ് ആൻഡ് അഡ്മിനിസ്ട്രേഷൻ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പി.ജി.ഡി.സി.ജെ പരീക്ഷ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം (പുതിയ സ്കീം & പഴയ സ്കീം) പരീക്ഷയ്ക്ക് പിഴകൂടാതെ മേയ് ഒമ്പത് (50 രൂപ പിഴയോടെ മേയ് 11, 250 രൂപ പിഴയോടെ മേയ് 12) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.exams.keralauniversity.ac.in) എക്സാം പോർട്ടലിലെ നോട്ടിഫിക്കേഷൻ എന്ന ലിങ്കിൽ ലഭിക്കും.

### ബി.ആർക്: കോളേജ് മാറ്റത്തിന് അപേക്ഷിക്കാം.

കേരള സർവകലാശാല ഒന്ന്, രണ്ട് സെമസ്റ്റർ ബി.ആർക് പരീക്ഷയെഴുതി 2016-17 അധ്യയനവർഷത്തിൽ മൂന്നാം സെമസ്റ്ററിലേക്ക് പ്രമോഷന് യോഗ്യരായ റഗുലർ വിദ്യാർത്ഥികൾക്ക് കോളേജ് മാറ്റത്തിനായി അപേക്ഷിക്കാം. വിശദവിവരങ്ങളും പ്രൊഫോർമയുടെ മാതൃകയും വെബ്സൈറ്റിൽ (www.keralauniversity.ac.in) ന്യൂസ് എന്ന ലിങ്കിൽ ലഭിക്കും. അപേക്ഷകൾ പ്രിൻസിപ്പലിന്റെ ശുപാർശയോടെ മേയ് 30-നകം രജിസ്ട്രാറുടെ ഓഫീസിൽ ലഭിക്കണം.

### ബി.കോം ഫലം

കേരള സർവകലാശാല 2016 ജനുവരിയിൽ നടത്തിയ ബി.കോം (ആന്വൽ സ്കീം - പാർട്ട് ഒന്ന് ഇംഗ്ലീഷ്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയ ത്തിനും

സൂക്ഷ്മപരിശോധനയ്ക്കും ജൂൺ മൂന്ന് വരെ അപേക്ഷിക്കാം. സപ്ലിമെന്ററി വിദ്യാർത്ഥികൾ പിഴകൂടാതെ മേയ് 23 (50 രൂപ പിഴയോടെ മേയ് 25, 250 രൂപ പിഴയോടെ മേയ് 27 വരെ അപേക്ഷിക്കാം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
03.05.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**